**പതിമൂന്നാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: **4061**

**26.06.2013** ൽ മറുപടിക്ക്

**ജലസ്രോതസ്സുകളുടെ മലിനീകരണം**

| | **ചോദ്യം**<br>**ശ്രീ. വി.ശിവൻകുട്ടി** | | **മറുപടി**<br>**ശ്രീ.പി.ജെ.ജോസഫ്**<br>**(ജലവിഭവവകുപ്പ് മന്ത്രി)** |
|---|---|---|---|
| (എ) | ജലസ്രോതസ്സുകളായ നദികൾ, തോടുകൾ, കായലുകൾ എന്നിവിടങ്ങളിലേക്ക് വീടുകളിലെയും വ്യാപാര സ്ഥാപനങ്ങളിലേയും ലോഡ്ജുകളിലേയും കക്കൂസ് ഔട്ട്ലെറ്റ് തുറന്നു വച്ചിരിക്കുന്നവർക്കെതിരെ എന്തൊക്കെ നടപടികളാണ് ഈ സർക്കാർ ഇതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ? | (എ) | നദികൾ, തോടുകൾ, കായലുകൾ തുടങ്ങിയ ജലസ്രോതസ്സുകളിലേക്ക് വീടുകൾ, ലോഡ്ജുകൾ, വ്യാപാരസ്ഥാപനങ്ങൾ തുടങ്ങിയവയുടെ മാലിന്യ പൈപ്പുകൾ തുറന്നു വച്ചിരിക്കുന്നത്. ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതു കൂടുതലായും പട്ടണങ്ങളിലാണ് കാണപ്പെടാറുള്ളത്. ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനങ്ങളാണ് ഇതിനെതിരായി നടപടി സ്വീകരിക്കേണ്ടത്. ഇത്തരം സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദാക്കുന്നതിനും മറ്റ് നിയമനടപടികൾ സ്വീകരിക്കുന്നതിനും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്കധികാരമുണ്ട്. |

**സെക്ഷൻ ഓഫീസർ**